**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 6394** — **31.10.2011- ൽ മറുപടിയ്ക്ക്**

## ബീഡി വ്യവസായ മേഖലയിലെ തൊഴിലാളികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ബീഡി വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് മറ്റു മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിന് പ്രോത്സാഹനം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | കണ്ണൂരിലെ ബീഡിതൊഴിലാളികളുടെ പുന:രധിവാസത്തിനായി ദിനേശ്ബീഡി തൊഴിലാളികളുടെ സഹകരണ സംഘത്തിന് പുനരധിവാസം, ആധുനികവൽക്കരണം, വൈവിദ്ധ്യവൽക്കരണം എന്നിവയ്ക്കായി 30 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഭക്ഷ്യ സംസ്കരണം, കുടനിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നീ മേഖലകളിലാണ് ദിനേശ് ബീഡി സംഘം സർക്കാർ സഹായത്തോടെ ബീഡി തൊഴിലാളികളുടെ പുനരധിവാസ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ദിനേശ്ബീഡി സഹകരണ സംഘത്തിൽ ഉൾപ്പെടാത്ത ബീഡിത്തൊഴിലാളികളെ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി ഫ്ലാഗ്ഷിപ്പ് പദ്ധതിപ്രകാരം മറ്റ് സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിനായി 2011-12 സാമ്പത്തിക വർഷം 10/- ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. |

......2

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (സി) | ടി പദ്ധതികൾ 2011-12 സാമ്പത്തിക വർഷത്തിൽ തന്നെ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ഡി) | സംസ്ഥാനത്തെ ബീഡി വ്യവസായ മേഖലയിലെ എത്ര തൊഴിലാളികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുമെന്ന് വിശദമാക്കുമോ ? | (ഡി) | ഏകദേശം 540-ഓളം പേർ ഗുണഭോക്താക്കളാകും. |

സെക്ഷൻ ഓഫീസർ